22/06/2020

7/05/2020

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ AP No.455(6)/2015/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.2984/എസ്.ഐ.സി-ജി 5/2015)

**സന്നിഹിതൻ**

ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. പി.ആർ. ഗോപാലകൃഷ്ണൻ,
ശ്രീനന്ദനം, പാൽ സൊസൈറ്റിക്ക് എതിർവശം,
നല്ലൂർ മാർക്കറ്റിനു സമീപം,
ഫറോക്ക് പി.ഒ., കോഴിക്കോട് -673 631
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
അസി. എഞ്ചിനീയറുടെ കാര്യാലയം,
ഇലക്ട്രിക്കൽ സെക്ഷൻ, കെ.എസ്.ഇ.ബി.
ലിമിറ്റഡ്, ബേപ്പൂർ, കോഴിക്കോട്

2. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
അസി. എഞ്ചിനീയറുടെ കാര്യാലയം,
ഇലക്ട്രിക്കൽ സെക്ഷൻ, കെ.എസ്.ഇ.ബി.
ലിമിറ്റഡ്, രാമനാട്ടുകര

3. അപ്പീൽ അധികാരി &
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ,
ഇലക്ട്രിക്കൽ സർക്കിൾ, കെ.എസ്.ഇ.ബി.
ലിമിറ്റഡ്, ഗാന്ധി റോഡ്, കോഴിക്കോട്

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 24.10.2014 |
| മറുപടി ലഭ്യമാക്കിയ തീയതി | 08.12.2014 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 22.11.2014 |
| മറുപടി ലഭ്യമാക്കിയ തീയതി | 19.12.2014 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 20.02.2015 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 25.02.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 13.03.2015 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 26.03.2015 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. പി.ആർ. ഗോപാലകൃഷ്ണൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, വിവരാവകാശ നിയമ പ്രകാരം ആവശ്യപ്പെട്ട പകർപ്പുകൾ ലഭ്യമാക്കിയില്ല എന്നും അപൂർണ്ണവും വ്യക്തവുമല്ലാത്ത മറുപടിയാണ് നൽകിയിരിക്കുന്നതെന്നും ആവശ്യപ്പെട്ട ഫയൽ കോപ്പികൾ നൽകുന്നതിലേക്കായി ബന്ധപ്പെട്ട എസ്.പി.ഐ.ഒ.ക്ക് ടിയാന്റെ അപേക്ഷ അയച്ചു കൊടുത്തിട്ടില്ല എന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്:

i. കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ ബേപ്പൂർ ഓഫീസിലെ 22.11.2005 മുതൽ 09.10.2007 വരെയുള്ള അറ്റന്റൻസ് രജിസ്റ്ററിന്റെ പകർപ്പ് ലഭ്യമാക്കണമെന്നും

ii. ടി ഓഫീസിലെ 01.01.2005 മുതൽ 31.12.2007 വരെ എച്ച്.റ്റി/എൽ.റ്റി/1 ഫേസ്/3 ഫേസ് ഡെപ്പോസിറ്റു വർക്കുകളുടെ ഓവർസീയറർമാരുടേയും സബ് എഞ്ചിനീയർമാരുടേയും നേതൃത്വത്തിൽ നടത്തിയ ഡെപ്പോസിറ്റ് വർക്കുകളുടെയും പകർപ്പ് നൽകണമെന്നും

iii. ടി ഓഫീസിലെ 09.10.2006 അടക്കം അനോമലി രജിസ്റ്ററിന്റെ 2006 ജൂലൈ 1 മുതൽ 2006 ഒക്ടോബർ 31 വരെയുള്ള വ്യക്തമായ പകർപ്പ് നൽകണമെന്നും മറ്റുമായി 20 പ്രധാന ഇനങ്ങളിലും ഉപഇനങ്ങളിലുമായുള്ള വിവരങ്ങളാണ്.

ടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട 1,2,3 എന്നീ ഇനങ്ങൾ സംബന്ധിച്ച രേഖകൾ പഴയ രേഖകളുടെ കൂട്ടത്തിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നും മറ്റു രേഖകൾ ഓഫീസ് പ്രവൃത്തി സമയം പരിശോധിക്കാവുന്നതാണെന്നുമാണ്. 25.11.2014 തീയതി വൈദ്യുതി ഭവനം പട്ടം ഓഫീസിലെ എസ്.പി.ഐ.ഒ. ഹർജിക്കാരന്റെ അപേക്ഷയിലെ 9, 10, 11, 12, 14, 15 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച് മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. 13.11.2014 തീയതി കെ.എസ്.ഇ.ബി ചീഫ് എഞ്ചിനീയർ (മാനവവിഭവശേഷി) നിർവ്വഹണ കാര്യാലയത്തിലെ എസ്.പി.ഐ.ഒ. ഹർജിക്കാരന്റെ അപേക്ഷയിലെ 8, 11, 20 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയതായി കാണുന്നു. 28.11.2014 തീയതി രാമനാട്ടുകര ഇലക്ട്രിക്കൽ സെക്ഷൻ അസി. എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ഹർജിക്കാരന്റെ അപേക്ഷയിലെ 19 (എ),(20) എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട ഇനങ്ങൾ സബന്ധിച്ച മറുപടി നൽകിയിട്ടുള്ളതായി കാണുന്നു.

3. ഹർജിക്കാരൻ, ഒന്നാം അപ്പീൽ അധികാരി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ അപേക്ഷ നൽകി 30 ദിവസം തികയാറായിട്ടും പകർപ്പുകൾ ലഭ്യമാക്കിയിട്ടില്ല എന്നും ടിയാന്റെ അപേക്ഷയിലെ 18 –ാം ഇനത്തിൽ ആവശ്യപ്പെട്ട രേഖയുടെ കോപ്പി ലഭിച്ചിട്ടില്ല എന്നും 19 –ാം ഇനത്തിൽ ആവശ്യപ്പെട്ട

RIGHT TO INFORMATION

ഫയൽ നൽകിയിട്ടില്ല എന്നും മറ്റുമാണ്. ടി അപ്പീൽ അപേക്ഷ തീർപ്പാക്കി ഒന്നാം അപ്പീൽ അധികാരി ഹർജിക്കാരന് മറുപടി നൽകിയിട്ടുള്ളതായി കാണുന്നു.

4. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിൽ വൈദ്യുതി ബോർഡിന്റെ വിവിധ കാര്യാലയങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് ആവശ്യപ്പെട്ടിരുന്നതെന്നും ടി വിഷയത്തിൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിലേക്കായി ഹർജിക്കാരന്റെ അപേക്ഷയുടെ പകർപ്പ് അതത് കാര്യലായങ്ങളിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർക്ക് കൈമറായിരുന്നുവെന്നും ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ പൂർണ്ണമായി ലഭിച്ചില്ല എന്ന് പരാതിപ്പെട്ട് അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും കോഴിക്കോട് ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ കാര്യാലത്തിന്റെ അധികാര പരിധിയിൽ വരുന്ന ഓഫീസുകളിൽ നിന്നും ലഭ്യമാക്കാൻ കഴിയുന്ന വിവരങ്ങൾ നൽകിയിട്ടുള്ളതാണെന്നും മറ്റുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്നത് ബൃഹത്തായ വിവരങ്ങളാണെന്നും ആയത് പല ഓഫീസുകളിൽ നിന്നും ഹർജിക്കാരന് നൽകേണ്ടതായിരുന്നു എന്നും കാണുന്നു. അത്തരം സാഹചര്യത്തിൽ ഹർജിക്കാരൻ ബന്ധപ്പെട്ട ഓഫീസുകളിലെ എസ്.പി.ഐ.ഒ. മാർ മുമ്പാകെ അപേക്ഷ നൽകേണ്ടതായിരുന്നു. എന്നിരുന്നാലും ലഭ്യമാക്കാൻ കഴിയുന്ന വിവരങ്ങൾ ഹർജിക്കാരന് നൽകിയിട്ടുള്ളതായി കാണുന്നു. ഏതെങ്കിലും ഓഫീസിൽ നിന്നും ഇനിയും വിവരങ്ങൾ ലഭിക്കാനുണ്ടെങ്കിൽ ആയതു സംബന്ധിച്ച രേഖകൾ നേരിൽ പരിശോധിക്കുന്നതിനുള്ള അവസരവും ഹർജിക്കാരൻ ആവശ്യപ്പെടുന്ന പകർപ്പുകൾ ടിയാന് സൗജന്യമായി നൽകുന്നതിനുള്ള നടപടിയും ബന്ധപ്പെട്ട ഓഫീസിലെ എസ്.പി.ഐ.ഒ.മാർ സ്വീകരിക്കണമെന്നു നിർദ്ദേശിച്ച്, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020, മെയ് 07-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

വിൻസന്റ് എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp